പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 637 — 11.12.2012 -ൽ മറുപടിക്ക്.

## സാഫല്യം ഭവന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>" എം. എ. വാഹീദ്<br>" എ.പി. അബ്ദുള്ളക്കുട്ടി<br>" ഐ.സി. ബാലകൃഷ്ണൻ | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും - നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സാഫല്യം ഭവന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം വിശദമാക്കുമോ; | (എ) കേരളത്തിലെ ദുർബലവിഭാഗങ്ങളിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവനരഹിതരായവർക്ക് (EWS) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് മുഖേന ഫ്ലാറ്റുകളും വീടുകളും നിർമ്മിച്ചുനൽകുക എന്നതാണ് സാഫല്യം ഭവനപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (ബി) ഈ പദ്ധതിയിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;<br>(സി) സബ്സിഡി, തറവിസ്തീർണ്ണം എന്നിവ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഭേദഗതിയിൽ നിർദ്ദേശിച്ചിട്ടുള്ളതെന്നറിയിക്കുമോ? | (ബി)യും (സി)യും ഉണ്ട്. സാഫല്യം ഭവനപദ്ധതിയുടെ ഫ്ലാറ്റുകളുടെ നിർമ്മാണചിലവ് 3.50 ലക്ഷമായും, തറവിസ്തീർണ്ണം 195 ച.അടിയിൽനിന്നും 327 ച.അടിയായും സർക്കാർ സബ്സിഡി തുക 1 ലക്ഷം രൂപയിൽനിന്ന് 2 ലക്ഷം രൂപയായും വർദ്ധിപ്പിച്ചുകൊണ്ടുള്ള പുതുക്കിയ സാഫല്യം ഭവന പദ്ധതിയ്ക്ക് 7.11.2012 ലെ സ.ഉ.(എം.എസ്) നമ്പർ 70/2012/ഭവനം പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ഭവനനിർമ്മാണ വകുപ്പ് - കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന പുതുക്കിയ 'സാഫല്യം ഭവന പദ്ധതി' യ്ക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

ഭവന നിർമ്മാണ (ബി) വകുപ്പ്

സ.ഉ.(എം.എസ്.) നം. 70/2012/ഭവനം. തീയതി, തിരുവനന്തപുരം, 7/11/2012.

==========================================================================

പരാമർശം:- 1. 9.3.2012 ലെ സ.ഉ.(എം.എസ്.) നം.20/2012/ഭവനം
2. 29/3/2012 -ലെ സർക്കാർ ഉത്തരവ് (എംഎസ്.)നം.27/12/ഭവനം
3. ഭവന നിർമ്മാണ ബോർഡ് സെക്രട്ടറിയുടെ.4.7.2012 ലെ പി1/70/2012/എച്ച്.ബി. നമ്പർ കത്ത്

<u>ഉത്തരവ്</u>

കേരളത്തിലെ ദുർബലരായ വിഭാഗങ്ങളിൽപ്പെട്ട ദാരിദ്രരേഖയ്ക്ക് താഴെയുള്ള ഭവനരഹിതരായ സാമ്പത്തികമായി ദുർബലരായ വിഭാഗങ്ങളിൽപ്പെട്ടവർക്ക് (EWS) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് മുഖേന ഫ്ളാറ്റുകളും വീടുകളും നിർമ്മിച്ചുനൽകുന്ന സാഫല്യം ഭവന പദ്ധതിയ്ക്കു പരാമർശം (1) പ്രകാരം സർക്കാർ അംഗീകാരം നൽകിയിരുന്നു. ഈ പദ്ധതിയുടെ സാമ്പത്തികഘടന താഴെ പറയുംപ്രകാരം ആയിരുന്നു.

| | | |
|---|---|---|
| (a) *ഒരു ഫ്ലാറ്റിന്റെ നിർമ്മാണ ചെലവ്* | : | *2.50 ലക്ഷം രൂപ.* |
| (b) *ഹഡ്കോയിൽ നിന്നും സമാഹരിക്കുന്ന വായ്പതുക* | : | *1 ലക്ഷം രൂപ.* |
| (c) *സർക്കാർ സബ്സിഡി തുക* | : | *1 ലക്ഷം രൂപ.* |
| (d) *സന്നദ്ധ സംഘടനാ വിഹിതം* | : | *25,000/- രൂ* |
| (e) *ഗുണഭോക്തൃവിഹിതം:* | : | *25,000/- രൂപ* |

2. 2012- 13 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബജറ്റിൽ 17 കോടി രൂപ സാഫല്യം ഭവന പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. (H/A 6216-80-190-98 ( Plan )

3. എന്നാൽ പദ്ധതി ആകർഷണീയമല്ല എന്നു കാണുകയും അപേക്ഷകർ തീരെ കുറവാകുകയും ചെയ്യതിനാൽ 20/6/2012 ൽ നിയമസഭയിൽ നടത്തിയ ഡിമാൻറു ചർച്ചയിൽ ബഹു. ധന-നിയമ-ഭവന വകുപ്പു മന്ത്രി സാഫല്യം ഭവന പദ്ധതിയിലെ ഫ്ളാറ്റുകളുടെ തറ വിസ്തീർണ്ണം, സർക്കാർ സബ്സിഡി എന്നിവ വർദ്ധിപ്പിക്കുമെന്നു പ്രഖ്യാപിച്ചിരുന്നു. ഇതുപ്രകാരം ഫ്ളാറ്റുകളുടെ തറ വിസ്തീർണ്ണം 195 ച.അടിയിൽ നിന്നും 327 ച. അടി ആയും സർക്കാർ സബ്സിഡി തുക 1 ലക്ഷം രൂപയിൽ നിന്ന് 2 ലക്ഷം രൂപയായി ഉയർത്തുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് പരാമർശം (3) പ്രകാരം കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് സെക്രട്ടറി സമർപ്പിച്ചിരുന്നു. പുതുക്കിയ പദ്ധതിയുടെ സാമ്പത്തിക ഘടന താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1. ഒരു ഫ്ളാറ്റിൻെറ നിർമ്മാണച്ചെലവ് | : | 3.50 ലക്ഷം രൂപ |
| 2. സർക്കാർ സബ്സിഡി തുക | : | 2 ലക്ഷം രൂപ |
| 3. ഹഡ്കോ വായ്പ | : | 1 ലക്ഷം രൂപ |
| 4. സന്നദ്ധ സംഘടനാ വിഹിതം | : | 25,000/- രൂപ |
| 5. ഗുണഭോക്തൃ വിഹിതം | : | 25,000/- രൂപ |

4. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും മേൽപ്പറഞ്ഞപുതുക്കിയ സാഫല്യം ഭവന പദ്ധതിയിലെ ഫ്ളാറ്റുകളുടെ തറ വിസ്തീർണ്ണം 327 ച. അടിയായും ഒരു ഫ്ളാറ്റിൻെറ നിർമ്മാണച്ചെലവ് 3.50 ലക്ഷം രൂപയായും സർക്കാർ സബ്സിഡി തുക 2 ലക്ഷം രൂപയായും വർദ്ധിപ്പിച്ചുകൊണ്ടുള്ള പുതുക്കിയ സാഫല്യം ഭവന പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

( ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
ടി.ഒ. സൂരജ്
ഗവൺമെൻറ് സെക്രട്ടറി

സെക്രട്ടറി, ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം.
ഹൗസിംഗ് കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ് (14-8-2012-ലെ 12371/എ1/12/പ്ലാനിംഗ് പ്രകാരം)
ധനകാര്യ (പി.യു.സി) വകുപ്പ് (24-9-2012-ലെ 75103/പി.യു.സി 3/12/ധന. പ്രകാരം)
തദ്ദേശസ്വയംഭരണ വകുപ്പ്.
പൊതുഭരണ (എസ്.സി.) വകുപ്പ്.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ